# അഖിലകേരള പുസ്തകപ്രേമിസംഘം നിലവിൽ വന്നു.






2025 ഏപ്രിൽ 23–ന്, ലോക പുസ്തകദിനത്തിൽ അഖിലകേരള പുസ്തകപ്രേമി സംഘം ഔപചാരികമായി നിലവിൽ വന്നു. എഴുത്തുകാരുടെയും പുസ്തക പ്രസാധകരുടെയും വായനക്കാരുടേതുമായ ഒരു നവീന സാംസ്കാരിക കൂട്ടായ്മ മലയാള ഭാഷയെയും സംസ്കാരത്തെയും കേരള നവോത്ഥാന മൂല്യങ്ങളെയും വീണ്ടെടുക്കുന്നതിന് അനിവാര്യമാണെന്ന തിരിച്ചറിവിൽ നിന്നാണ് പുസ്തകപ്രേമി സംഘം എന്ന ആശയം പിറവിയെടുത്തത്. 2025 ഏപ്രിൽ 1 മുതൽ 5 വരെ തിരുവനന്തപുരം വൈ. എം. സി. എ ഹാളിൽ ചേർന്ന 'സാഹിതീയം 2025' ലെ വിവിധ വേദികളിൽ നിന്നുയർന്ന സർഗസംവാദങ്ങളാണ് സംഘത്തിന്റെ രൂപീകരണ ശ്രമങ്ങളെ ത്വരിതപ്പെടുത്തിയത്.

പുസ്തകദിനത്തിന്റെ സായാഹ്നത്തിൽ നൂറിൽപരം അക്ഷരപ്രേമികൾ പുസ്തകദീപം തെളിയിച്ചുകൊണ്ടാണ് പുസ്തകപ്രേമി സംഘത്തിന്റെ സംസ്ഥാനതല പ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ചത്. പ്രശസ്ത കവിയും ഗാനരചയിതാവും മുൻ കേരള ചീഫ് സെക്രട്ടറിയുമായ കെ. ജയകുമാർ ആദ്യദീപം കൊളുത്തി. സർവ്വശ്രീ എസ്. എം. വിജയാനന്ദ്, ഡോ. എം. ആർ. തമ്പാൻ, കെ. കെ. കൃഷ്ണകുമാർ, അഡ്വ. ഇടിക്കുള സക്കറിയ കെ. ഭാസ്കരൻ, ഡോ. കായംകുളം യൂനൂസ്, ഗിരിജ സേതുനാഥ്, ടിബു പി. ജോസഫ്, സി. വി. സുരേന്ദ്രൻ വക്കം, ഡോ. ജൂബിന ബീഗം, ഗിരിധർ പൈ തുടങ്ങിയവർ ഒപ്പം ചേർന്നു.

## പുസ്തക പ്രേമികൾക്കായ് ഒരു പഴയ പുസ്തകം

**"ഈ ഗ്രന്ഥത്തെ തൊടൂ പ്രപഞ്ചത്തെ സ്പർശിക്കൂ" എം. കൃഷ്ണൻ നായർ**

"ഐതിഹാസികമായ നോവൽ", "ചലനാത്മക ശക്തിയുള്ള മഹനീയമായ കലാശിൽപം" എന്നൊക്കെ വിശേഷിപ്പിക്കപ്പെടുന്ന ആസ്ട്രേലിയൻ നോവലാണ് "മനുഷ്യന്റെ മരം" – The Tree of Man എന്നത്. അതെഴുതിയ പാട്രിക് വൈറ്റിന് (Patrick White ജനനം 1912–ൽ) 1973–ൽ സാഹിത്യത്തിനുള്ള നോബൽ സമ്മാനം കിട്ടി. 1955– ലാണ് വൈററ് "മനുഷ്യന്റെ മരം" എന്ന നോവൽ പ്രസാദനം ചെയ്തത്. പിന്നീടുള്ള ഇരുപത്തിയെട്ടു വർഷത്തിനകം അദ്ദേഹം സുപ്രധാനങ്ങളായ അഞ്ചു നോവലുകൾകൂടി രചിച്ചു. അവയിൽ ഓരോന്നും 'മാസ്റ്റർപീസ്' തന്നെ. എങ്കിലും "മനുഷ്യന്റെ മരം" എന്ന കൃതിയുടെ നിരതിശബസൗന്ദര്യം കിട്ടാണ് അക്കാഡമി അദ്ദേഹത്തിന് സമ്മാനം നൽകിയതെന്ന് കരുതുന്നതിൽ തെറ്റില്ല. ആ നോവൽ വായിച്ചവരൊക്കെ വൈറ്റ് ടോൾസ്റ്റോയിക്കു സദൃശനാണെന്ന് പ്രഖ്യാപിക്കുകയുണ്ടായി.

യോദ്ധാക്കളുടെയും വീരൻമാരുടെയും പ്രവത്തനങ്ങളെ ആവിഷ്കരിക്കുന്ന സുദീർഘമായ കാവ്യത്തെയാണ് ഇതിഹാസം എപ്പിക് എന്നു വിളിക്കുന്നത്. കെട്ടുകഥകളും പഴങ്കഥകളും ചരിത്രസംഭവങ്ങളും കൂട്ടിക്കലർത്തി നിർമ്മിക്കപ്പെടുന്ന അത്തരം കാവ്യങ്ങൾ രാഷ്ട്രത്തിൻെറ അഭിലാഷങ്ങളെയും പ്രതീക്ഷകളെയും ഔന്നത്യത്തോടെ പ്രതിപാദിക്കുന്നു. വ്യാസൻറ മഹാഭാരതം എപ്പിക്കാണ്. ഹോമറിന്റെ 'ഇലിയഡും', 'ഒഡീസി'യും ആ വിഭാഗത്തിൽപ്പെടുന്നു. ഇരുപതാം ശതാബ്ദത്തിൽ ലക്ഷണം തികഞ്ഞ ഇതിഹാസങ്ങൾ ഉണ്ടായിട്ടില്ല;




പക്ഷേ ഇതിഹാസത്തിന്റെ സ്വഭാവമാർന്ന ചില പദ്യകൃതികൾ ആവിർഭവിച്ചിട്ടുണ്ട്. ഫ്രഞ്ച് കവി സിൻജൻ പഴ്സിന്റെ (Saint John Perse) 'അനാബാസ്' Anabase (ററി. എസ്. എല്യറ്റ് ഇത് ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്തിട്ടുണ്ട്) നിക്കോസ് കാസാൻദ് സാക്കീസിൻറെ 'ഒഡീസി,' വാസ്കോ പോപ്പ എന്ന സെർബിയൻ കവിയുടെ Secondary Heaven ഈ കൃതികൾ ഇതിഹാസത്തിന്റെ സവിശേഷതകൾ ആവഹിക്കുന്നു. ഇക്കാര്യത്തിൽ പദ്യസാഹിത്യത്തേക്കാൾ ഗദ്യസാഹിത്യമാണ് സമ്പന്നമായിരിക്കുന്നത്. ടോൾസ്റ്റോയിയുടെ 'യുദ്ധവും സമാധാനവും', സ്റ്റെറൻ ബക്കിന്റെ 'ക്രോധത്തിന്റെ മുന്തിരിപ്പഴങ്ങളും', ഇവോ ആൻഡ്രിച്ചിൻെറ ഡീനാ നദിയിലെ പാലവും' പസ്ററർ നക്കിൻറെ 'ഡോക്ടർ ഷിവാഗോ'യും രാഷ്ട്രത്തിന്റെ ഭാഗധേയങ്ങളെ പ്രാധാന്യത്തോടെ ആലേഖനം ചെയ്യുന്നു. അതിനാൽ അവയെ ഇതിഹാസത്തിന്റെ പരിമാണമുള്ള കൃതികളായിട്ടാണ് നിരൂപകർ കാണുക. പാട്രിക് വൈറ്റിന്റെ ഈ നോവലും ഇതിഹാസത്തിന്റെ എപ്പിക്കിന്റെ സവിശേഷതകളാർന്നു ശോഭിക്കുന്നു.


**രചനഫൗണ്ടേഷൻ**
RACHANA FOUNDATION
266, ശ്രീനഗർ, പട്ടത്താനം, കൊല്ലം 691021


# പുസ്തകപ്രേമിസംഘം

## നിങ്ങൾക്ക് പുസ്തകപ്രേമി സംഘത്തിൽ അംഗമാകാം
## 4 നിബന്ധനകൾ

1. ഓരോ അംഗവും പ്രതിമാസവരുമാനത്തിന്റെ ഒരു ശതമാനം (മിനിനം നൂറു രൂപാ) പുതിയ പുസ്തകങ്ങൾ വാങ്ങുന്നതിനായി ചെലവിടണം.

2. വാങ്ങുന്ന പുസ്തകം തുടർന്നുള്ള ഉപയോഗത്തിന് ആവശ്യമില്ലെന്നു തോന്നിയാൽ ആ പുസ്തകം യുവതലമുറയിൽപ്പെട്ട ആർക്കെങ്കിലും സമ്മാനിക്കുകയും അതിന്റെ വായനയ്ക്കും ചർച്ചകൾക്കും പ്രേരിപ്പിക്കുകയും ചെയ്യണം.

3. പ്രാദേശികതലത്തിൽ സംഘാംഗങ്ങൾ പുതിയ പുസ്തകങ്ങളെക്കുറിച്ചു ചർച്ചകൾ സംഘടിപ്പിക്കുകയും വിദ്യാർത്ഥികളെയും യുവാക്കളെയും അതിൽ പങ്കെടുപ്പിക്കുകയും ചെയ്യുക.

4. ഓരോ കുടുംബത്തിലും കുറഞ്ഞത് 100 പുസ്തകങ്ങളെങ്കിലുമുള്ള ഒരു ഹോം ലൈബ്രറി ഒരു വർഷത്തിനുള്ളിൽ സ്ഥാപിക്കുക.

**പുസ്തകം കൈയിലെടുക്കാം;**
**നമുക്കു പുതിയൊരു കേരളം സൃഷ്ടിക്കാം.**

**BOOK POST**

To


രചന ബുക്സ്
266, Sreenagar, Kollam - 691021
Ph : 0474 - 2763638 I Mob : 94474 16577



മെയ് 2025


# പുസ്തകവാർത്ത 1




പ്രണവാധാരം പ്രണയം (നോവൽ) ₹600
എം. ടി. കഥയുടെ യൗവ്വനം (പഠനം) ₹115
സാഹിതീയം കേരളീയം മാനവീയം (പഠനം) ₹250
ഇന്ത്യൻ നാഷണൽ കോൺഗ്രസ് (ചരിത്രം) ₹300
ദേവദാസ് (നോവൽ) ₹150
ഐതിഹ്യമാലയിലെ മാന്ത്രിക കഥകൾ (ഐതിഹ്യം) ₹150
ടി. കെ. കൊച്ചുനാരായണൻ കഥകൾ ₹450
ജീവിതഛായകൾ (ആത്മകഥ) ₹300

